**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5390** **15-03-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ പൂക്കോട്ട്പാടത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ താൽക്കാലികമായി തുടങ്ങിയ ക്യാമ്പസിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ പഠനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുമോ; വ്യക്തമാക്കാമോ; | (എ) | 2018-19 അക്കാദമിക് വർഷം മുതലാണ് നിലമ്പൂർ നിയോജക മണ്ഡലത്തിലെ പൂക്കോട്ടു പാടത്ത് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നത്. ഒരു വാണിജ്യ കെട്ടിടത്തിന്റെ രണ്ട്, മൂന്ന് നിലകളിലാണ് നിലവിൽ കോളേജ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സാമ്പത്തിക വർഷം ലാബ്, ലൈബ്രറി വികസനത്തിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനായി 7.5 ലക്ഷം രൂപയും സ്പോർട്സ് ഉപകരണങ്ങൾക്കായി 1.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിൽ കായികാധ്യാപകന്റെ സേവനം നിലവിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പുതുതായി പ്രവർത്തനമാരംഭിച്ച നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഉൾപ്പെടെയുള്ള 7 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമായത് പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത കോളേജിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും കെട്ടിടവും അധ്യാപകരെയും അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലമ്പൂർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സാമ്പത്തിക വർഷം ലാബ്, ലൈബ്രറി വികസനത്തിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനായി 7.5 ലക്ഷം രൂപയും സ്പോർട്സ് ഉപകരണങ്ങൾക്കായി 1.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും |

| | | | |
|---|---|---|---|
| | | | അധ്യാപക തസ്തികയിലെ കുറവ് പി.എസ്.സി മുഖേനയുള്ള നിയമങ്ങളിലൂടെയും അതിഥി അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിയും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ